(ബി) ഓരോ സാമ്പത്തിക വർഷത്തെ ടെണ്ടർ സേവിംഗ്സും തരം തിരിച്ച് വിശദമാക്കാമോ?

2017-18 മുതൽ 2020-21 വരെയുള്ള ഓരോ സാമ്പത്തിക വർഷത്തേയും ഭരണാനുമതി ലഭിച്ച് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ള വിവിധ പദ്ധതികളുടെ ടെണ്ടർ സേവിംഗ്സ് തരംതിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.*

ടെണ്ടർ സേവിംഗ്സ്

35(3456) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ 2016-17 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ എ.ഡി.എഫ്., എസ്.ഡി.എഫ്. ഫണ്ടുകൾ ഉപയോഗിച്ച് നടത്തിയ പ്രവൃത്തികളിൽ എത്ര രൂപ ടെണ്ടർ സേവിംഗ്സായി ഉണ്ട്; സേവിംഗ്സ് ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഒറ്റപ്പാലം മണ്ഡലത്തിൽ 2016-17 മുതൽ 2020-21 വരെ സാമ്പത്തിക വർഷങ്ങളിൽ എ.ഡി.എഫ്. ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖ പ്രകാരം ടെണ്ടർ സേവിംഗ്സ് അനുവദനീയമല്ല.

(ബി) ടെണ്ടർ സേവിംഗ്സ് ഉപയോഗിച്ച് മറ്റ് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

4-8-2018-ലെ സ.ഉ(അ) നം.119/2018/ധന പ്രകാരം ആസ്തി വികസന പദ്ധതിയിൽ ഓരോ വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികളുടെ ടെണ്ടർ അംഗീകരിച്ച് കഴിഞ്ഞിട്ടുണ്ടാകുന്ന ടെണ്ടർ സേവിംഗ്സ് ആ വർഷത്തെ പരമാവധി അഞ്ച് കോടി രൂപയിൽ കണക്കാക്കി ആയത് അടുത്ത വർഷം അനുവദിച്ചിരിക്കുന്ന 5 കോടി രൂപയിൽ തട്ടിക്കിഴിക്കേണ്ടതാണ്. ഒരു സാമ്പത്തികവർഷം അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടെയും ടെണ്ടർ സേവിംഗ്സ് ഒരുമിച്ച് ആയതിനായി പരിഗണിക്കേണ്ടതാണ്. ഇപ്രകാരം ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തികവർഷം മുതൽ പ്രാബല്യമുണ്ട്. അതായത് നിയോജകമണ്ഡല ആസ്തിവികസന പദ്ധതി 2017-18 -ന് കീഴിൽ അനുമതി നൽകിയ പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് 2018-19-ന് കീഴിൽ പരിഗണിക്കാവുന്നതാണ്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly